(ബി) പല ജില്ലകളിലും എം.എൽ.എ.മാരുമായി ചർച്ച ചെയ്തു. ചില ജില്ലകളിൽ സമയക്കുറവുകൊണ്ട് ചർച്ച നടന്നില്ല.

(സി) 2,87,43,891 രൂപ.

(ഡി) ചികിത്സാ സഹായം, ദുരിതാശ്വാസ സഹായം, വിവിധ ക്ഷേമപെൻഷനുകൾ, ആശ്രിത നിയമനം തുടങ്ങി സർക്കാരിൽ നിന്നുള്ള വിവിധ സഹായങ്ങളും ഉത്തരവുകളും പരിഹാരങ്ങളും നൽകാനായി പെൻഷൻ, വിവിധ സർട്ടിഫിക്കറുകൾ, പൊതു ആവശ്യങ്ങൾ, വിവിധ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്ക് വേണ്ടിയുള്ള ആവശ്യങ്ങളും പരിഹരിക്കുവാൻ കഴിഞ്ഞു.

തൊഴിലവസര മേള

11 [773] ശ്രീ. ബി. വിജയകുമാർ:
ശ്രീ. എം. മുരളി:
ശ്രീ. ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലില്ലാത്ത അഭ്യസ്തവിദ്യർക്ക് തൊഴിൽ ലഭിക്കുവാൻ സഹായകമായ വിധത്തിൽ ഒരു തൊഴിലവസരമേള നടത്തുന്ന കാര്യം പരിഗണിച്ചിട്ടുണ്ടോ;

(ബി) തൊഴിൽ ചെയ്യുന്നവരെ ആവശ്യമുള്ള കമ്പനികളെയും സ്ഥാപനങ്ങളെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു തൊഴിലവസര മേള നടത്തുവാൻ നടപടിയെടുക്കുമോ?

ഉത്തരം

(എ) പരിഗണിച്ചിട്ടില്ല.

(ബി) പരിശോധിക്കുന്നതാണ്.

സർക്കാർ ഉദ്യോഗസ്ഥർ വാങ്ങുന്ന സ്ത്രീധന തുക

12 [774] ശ്രീ. ടി. എൻ. പ്രതാപൻ:
,, കെ. എ. ചന്ദ്രൻ:
,, പി. ടി. തോമസ്:
,, സി. പി. മുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർ വാങ്ങുന്ന സ്ത്രീധന തുക വെളിപ്പെടുത്തണമെന്ന് സുപ്രീം കോടതി ഉത്തരവായിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് ഗവൺമെന്റിന് വിവരം ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ, ബി) ഉണ്ട്.

(സി) 1961-ലെ സ്ത്രീധന നിരോധന നിയമം പുനരാവിഷ്കരിച്ചു നടപ്പാക്കണമെന്ന ബഹു. സുപ്രീം കോടതിയുടെ 499/97-ാം നമ്പർ റിട്ട് പെറ്റീഷനിലെ വിധി ന്യായം ഉണ്ടാകുന്നതിനു മുൻപുതന്നെ, 7-7-2004-ലെ (പി) 47/2004/സാ.ക്ഷേ.വ. നമ്പർ സർക്കുലർ പ്രകാരം പ്രസിദ്ധീകരിച്ച ഡൗറി പ്രൊഹിബിഷൻ ആക്ട് ചട്ടം 7 (4) എ പ്രകാരം സർക്കാർ ഉദ്യോഗസ്ഥർ വിവാഹത്തിനുശേഷം സ്ത്രീധനം വാങ്ങിയിട്ടില്ല എന്ന പ്രസ്താവന വകുപ്പദ്ധ്യക്ഷനു നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സ്ത്രീധന പ്രശ്നങ്ങളെക്കുറിച്ചുള്ള പരാതികൾ സ്വീകരിക്കാൻ മൂന്ന് ഡൗറി പ്രൊഹിബിഷൻ ഓഫീസർമാരേയും നിയമിച്ചിട്ടുണ്ട്.

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

13 [775] ശ്രീ. കോവൂർ കുഞ്ഞുമോൻ:

ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

സുനാമി ദുരന്തത്തെ തുടർന്ന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് ലഭിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സുനാമിക്കുശേഷം സുനാമി ദുരിത ബാധിതരുടെ ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾക്കും മറ്റുള്ളവർക്ക് ചികിത്സാ ധന സഹായം നൽകുന്നതിനും അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്ക് ആശ്വാസസഹായം നൽകുന്നതിനും മറ്റുമായി 39,68,63 684 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ലഭിച്ചിട്ടുണ്ട്.

കൺസൾട്ടൻസികൾക്കായി ചെലവായ തുക

14 [776] ശ്രീ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം വകുപ്പുകളിൽ വികസന പ്രവർത്തനത്തക്കുറിച്ച് പഠിക്കുന്നതിനും, ഭരണ നവീകരണവുമായി ബന്ധപ്പെട്ടും എത്ര കൺസൾട്ടൻസികളെ നിയമിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് ഏതൊക്കെ വകുപ്പുകളിലാണെന്നും ഏതെല്ലാം കൺസൾട്ടൻസികളെ ആണെന്നും വ്യക്തമാക്കാമോ;

(സി) ഇത് ഓരോന്നിനും നാളിതുവരെ എത്ര തുക വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly